LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മിഷൻ 676-ൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിലെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) 18-5-2014-ലും 6-6-2014-ലും ബഹു. ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ്/സ്ഥാപന മേധാവികളുമായി യോഗം ചേർന്ന് മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുന്ന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ വകുപ്പ്/സ്ഥാപന മേധാവികൾ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കിയത്.

(ഡി) ആരോഗ്യ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവരുടെ അദ്ധ്യക്ഷതയിൽ കൃത്യമായ ഇടവേളകളിൽ വകുപ്പ്/സ്ഥാപനമേധാവികളുമായി അവലോകന യോഗം ചേരുകയും പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

ദേശീയ ആരോഗ്യമിഷൻ

104 (811) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ആരോഗ്യമിഷൻ (ആരോഗ്യകേരളം) കേരളത്തിൽ പ്രവർത്തനം ആരംഭിച്ചതിനുശേഷം സംസ്ഥാനത്തെ ആരോഗ്യ മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ 2007-ന് മുമ്പുള്ളതിനെക്കാൾ എത്ര ശതമാനം പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അട്ടപ്പാടി പോലുള്ള പിന്നോക്ക ആദിവാസി മേഖലകളിൽ ദേശീയ ആരോഗ്യമിഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ച ശേഷവും ശിശുമരണ നിരക്ക് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്വാളിറ്റി അഷ്വറൻസ് പദ്ധതിയുടെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്ന പദ്ധതി കേരളത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നടപ്പിലാക്കിവരുന്നു. കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് പദ്ധതി പ്രകാരം 17 ആരോഗ്യ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്. എറണാകുളം ഗവൺമെന്റ് ജനറൽ ആശുപത്രി, തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ചേർത്തല താലൂക്ക് ആശുപത്രി, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പാലക്കാട്ടെ ഷൊർണ്ണൂരുള്ള ഐക്കോൺസ് എന്നിവയ്ക്ക് കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിക്കുകയുണ്ടായി. ഇതുകൂടാതെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ കേന്ദ്ര സർക്കാരിന്റെ ദേശീയ അംഗീകാര സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. സമൂഹത്തിലെ ദുർബ്ബല വിഭാഗത്തിലെ സ്ത്രീകളുടെയിടയിലെ പ്രസവം ആശുപത്രികളിൽ വച്ച് തന്നെ ഉറപ്പാക്കാൻ വേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണ് ജനനീ സുരക്ഷാ യോജന. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി ഈ പരിപാടി നടപ്പിലാക്കി വരുന്നു.

തെരഞ്ഞെടുക്കപ്പെട്ട ജില്ലാ/താലൂക്ക് തല ആശുപത്രികൾ, സി.എച്ച്.സി.-കൾ, പി.എച്ച്.സി. ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി. എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം പ്രസവങ്ങൾ നടക്കുന്ന വിവിധ സർക്കാർ ആശുപത്രികളുടെ ശക്തിപ്പെടുത്തലിനായി മാതൃശിശു സംരക്ഷണത്തിന് ഊന്നൽ നൽകി മെഡിക്കൽ ഉപകരണങ്ങൾ നൽകി ഗ്രാമീണ മേഖലയിൽ സർക്കാർ അംഗീകൃതമായ തസ്തികകൾക്ക് ഉപരിയായി എൻ.എച്ച്.എം. മുഖേന ആവശ്യമുള്ള സ്ഥലങ്ങളിൽ ആവശ്യാനുസരണം താൽക്കാലിക കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തി. പൊതുജനങ്ങളിൽ ആരോഗ്യകരമായ ഒരു ജീവിതശൈലി പിന്തുടരുന്നതിനും ആരോഗ്യ വിഷയങ്ങളിലുള്ള അവബോധം വളർത്തുന്നതിനുമുള്ള ആശയ വിനിമയ പരിപാടികൾ ആരോഗ്യ ബോധവൽക്കരണ/ ശീലവൽക്കരണ പ്രവർത്തനങ്ങളിലൂടെ നടപ്പാക്കി. എൻ.ആർ.എച്ച്.എം. മുഖേന അർബൻ ആർ.സി.എച്ച്. പദ്ധതിയും തുടർന്ന് കഴിഞ്ഞവർഷം മുതൽ എൻ.യു.എച്ച്.എം. പദ്ധതിയും നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ടൈബൽ മേഖലകളിൽ പി.എച്ച്.സി. ക്യാമ്പ്, സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ്, മുതിർന്നവർക്കുള്ള ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ എന്നിവ നടത്തി. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായി ആരംഭിച്ച വിദ്യാലയ ആരോഗ്യ പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2012-13) കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കും വ്യാപിപ്പിക്കുകയുണ്ടായി. അമ്മയും കുഞ്ഞും പദ്ധതി കേരളത്തിൽ 2012 ആഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ കാര്യക്രം അഥവാ അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടിവരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽനിന്നും ആശുപത്രിയിലേക്കും തിരിച്ചുള്ള സൗജന്യ യാത്രാ സൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ലഭ്യമാക്കി.

കൗമാര പ്രജനന ലൈംഗിക ആരോഗ്യ പദ്ധതി പ്രകാരം ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് എന്നിവയുടെ പങ്കാളിത്തത്തോടെ കുട്ടികൾക്ക് ആരോഗ്യ പരിരക്ഷ (രോഗ നിർണ്ണയം, ലാബ് പരിശോധന, ചികിത്സ ഉൾപ്പെടെ) മാനസിക പിരിമുറുക്കത്തിനും പ്രശ്നങ്ങൾക്കും കൗൺസിലിംഗ് സേവനം, ജീവിത നൈപുണ്യ വിദ്യാഭ്യാസം, പ്രത്യേക സ്പെഷ്യലിസ്റ്റുകളുടെ അടുത്തേക്കുള്ള റഫറൽ, പോഷകാഹാര ആരോഗ്യ വിദ്യാഭ്യാസം, ക്യാമ്പുകൾ, കോളേജ് ടീനേജ് ക്ലബ്ബുകൾ മുതലായവയാണ് നടന്നുവരുന്ന സേവനങ്ങൾ. 8 ജില്ലാ ആശുപത്രികളിൽ, 5 ജനറൽ ആശുപത്രികളിൽ, 5 താലൂക്ക് ആശുപത്രികളിൽ ഭ്രമിക ജെൻഡർ ബേസ്ഡ് വയലൻസ് മാനേജ്മെന്റ് സെന്റർ ആരംഭിച്ചു. കേരളത്തിലെ 230 സി.എച്ച്.സി., 835 പി.എച്ച്.സി., 5114 സബ് സെന്റർ എന്നിവിടങ്ങളിലും ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി നടന്നുവരുന്നു.

12-ാം പഞ്ചവൽസര പദ്ധതിയിൽ ആരോഗ്യ മേഖലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ അർഹമായ സ്ഥാനത്തിനും പദ്ധതികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വേണ്ടി ആരോഗ്യ വകുപ്പിന്റെയും ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും നേതൃത്വത്തിൽ 2010-ൽ സമഗ്ര ആരോഗ്യ പദ്ധതിക്ക് രൂപം നൽകി.

(ബി) ആരോഗ്യ രംഗത്ത് എല്ലാ രംഗങ്ങളിലും എൻ.എച്ച്.എം. പദ്ധതി വന്നതിനുശേഷം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവയിൽ പ്രധാനമായും മാതൃ-ശിശു ആരോഗ്യ സംരക്ഷണം, ആശുപത്രികളിലെ ചികിത്സാ നിലവാരം, രോഗപ്രതിരോധ പദ്ധതികൾ എന്നിവയിൽ കാര്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ 2007-ന് മുമ്പുള്ളതിനേക്കാൾ പുരോഗതി ശതമാന കണക്കിൽ നിർണ്ണയിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടിയിലെ ആദിവാസി മേഖലയിൽ ശിശുമരണ നിരക്ക് വർദ്ധിക്കുന്നതിനെക്കുറിച്ച് യൂണിസെഫ്, ഡോ. ഇക്ബാൽ കമ്മിറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷ്യൻ എന്നീ ഏജൻസികൾ പഠനം നടത്തുകയുണ്ടായി. ഇതിൽ യൂണിസെഫും ഡോ. ഇക്ബാൽ കമ്മിറ്റിയും നടത്തിയ നിരീക്ഷണത്തിൽ അമ്മമാരുടെ പോഷകാഹാരക്കുറവ്, നേരത്തേയുള്ള പ്രസവം, തൂക്കക്കുറവ്, അണുബാധ, ജന്മനായുള്ള ആന്തരാവയവങ്ങളുടെ തകരാറുകൾ എന്നിവയാണ് മരണത്തിലേയ്ക്ക് നയിക്കുന്ന പ്രധാന കാരണങ്ങളായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പ്രസ്തുത പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വേണ്ട പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്.

കുടുംബാസൂത്രണ പദ്ധതിയിൽ കാലോചിതമായ മാറ്റം

105 (812) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബാസൂത്രണ പദ്ധതികൾക്ക് കാലോചിതമായ മാറ്റങ്ങൾ വരുത്താത്തതുമൂലം പൊതുജന അംഗീകാരം കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുടുംബാസൂത്രണ പദ്ധതികൾക്ക് കാലോചിതമായ മാറ്റങ്ങൾ വരുത്തണമെന്ന് ലോകാരോഗ്യ സംഘടന എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പൊതുജനങ്ങൾക്ക് സ്വീകാര്യമായതും ലോകാരോഗ്യസംഘടന അംഗീകരിച്ചതുമായ പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly